പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 887 30.11.2018 ൽ മറുപടിയ്ക്ക്

## വഴിയോര തണൽ പദ്ധതി

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | മറുപടി<br>അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വഴിയോര തണൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | സോഷ്യൽഫോറസ്ട്രി ഡിവിഷനുകളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വഴിയോരത്തണൽ പദ്ധതി പ്രകാരം റോഡുകളിൽ വൃക്ഷത്തൈകൾ നട്ടുപിടി-പ്പിച്ച് സംരക്ഷിച്ചുവരുന്നു. പത്തനംതിട്ട സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ പരിധിയിലുള്ള പന്തളം ഭാഗത്ത് വഴിയോരത്തണൽ പദ്ധതി പ്രകാരം നട്ടുപിടിപ്പിച്ച തൈകളെല്ലാം ഈ വർഷമുണ്ടായ പ്രളയത്തിൽ നശിച്ചു പോയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം നട്ടു പിടിപ്പിച്ച വൃക്ഷത്തൈകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, വിശദമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതി പ്രകാരം നട്ടു പിടിപ്പിച്ച വൃക്ഷത്തൈകൾ ജലസേചനം നടത്തിയും ട്രീ ഗാർഡ് സ്ഥാപിച്ച് സംരക്ഷിക്കുകയും മൂന്നു വർഷം വരെ പരിചരണപ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നു. |
| (സി) | നശിച്ചുപോയ വൃക്ഷത്തൈകൾക്ക് പകരം പുതിയവ നട്ടുപിടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, | (സി) | നശിച്ചുപോയ വൃക്ഷത്തൈകൾക്ക് പകരം പുതിയവ നട്ടുപിടിപ്പിക്കുന്നതിന് (ക്യാഷാലിറ്റി റീപ്ലേസ്മെന്റ്) നടപടി സ്വീകരിക്കാറുണ്ട്. പത്തനംതിട്ട ജില്ലയിൽ നശിച്ചുപോയ തൈകൾക്ക് പകരം അടുത്ത പ്ലാന്റിംഗ് സീസണിൽ ഒരു വർഷം പ്രായമായ തൈകൾ നടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വഴിയോര തണൽ പദ്ധതിയ്ക്കായി ഓരോ വർഷവും നീക്കിവച്ച തുകയും ചെലവാക്കിയ തുകയും എത്രയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വഴിയോര തണൽ പദ്ധതിയ്ക്കായി പ്രത്യേകം തുക അനുവദിച്ചിട്ടില്ല. എന്നാൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയിൽ നിന്നും സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിൽ വഴിയോരത്തണൽ പദ്ധതിക്കായി നീക്കി വയ്ക്കുകയും ചെലവാക്കുകയും ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |
| | | | |

തുക ലക്ഷത്തിൽ

| 2016-17 | | 2017-2018 | | 2018-19 | |
|---|---|---|---|---|---|
| നീക്കി വച്ച തുക | ചെലവാക്കിയ തുക | നീക്കി വച്ച തുക | ചെലവാക്കിയ തുക | നീക്കി വച്ച തുക | ചെലവാക്കിയ തുക |
| 19.53 | 17.58 | 21.14 | 20.45 | 48.66 | 39.03 |

സെക്ഷൻ ഓഫീസർ